II ഇ.ബി. XII- കേരള നിയമസഭ/XIV-1

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 മാർച്ച് 1, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1(*1) ഭവന നിർമ്മാണ ബോർഡിന്റെ ഫ്ളാറ്റുകളും പ്ലോട്ടുകളും

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ തികച്ചും സുതാര്യമായ ക്വട്ടേഷൻ/ലേലം വ്യവസ്ഥ യിലാണ് ഇപ്പോൾ ഭവന നിർമ്മാണ ബോർഡിന്റെ വീടുകളും ഫ്ളാറ്റുകളും പ്ലോട്ടുകളും അനുവദിച്ചു വരുന്നതെന്നും ഫ്ളാറ്റുകളും പ്ലോട്ടുകളും അലോട്ട്മെന്റ് വ്യവസ്ഥയിൽ ഇപ്പോൾ അനുവദിക്കുന്നില്ലെന്നും സഭയെ അറിയിച്ചു. ഓരോ പ്രദേശത്തും നിലവിലുള്ള മാർക്കറ്റ് വിലയുടെ അടിസ്ഥാ നത്തിൽ upset price നിശ്ചയിച്ചാണ് ക്വട്ടേഷൻ/ലേലം നടത്തുന്നത്. ഇതു സംബന്ധിച്ച് മാദ്ധ്യമങ്ങളിലും ബോർഡിന്റെ വെബ്സൈറ്റിലും പരസ്യം

നൽകുന്നുണ്ട്. ക്വട്ടേഷൻ/ലേലത്തിൽ ലഭിക്കുന്ന ഉയർന്ന വിലയ്ക്കാണ് ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നത്. ഇതുമൂലം ബോർഡിന് സാമ്പത്തിക നേട്ടമുണ്ടായിട്ടുണ്ട്. വെറുതെ കിടക്കുന്ന ഫ്ളാറ്റുകളും പ്ലോട്ടുകളും വീടുകളും വിൽക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ലേല വ്യവസ്ഥയനുസരിച്ച് ലേലത്തുകയുടെ 15 ശതമാനം ഒരാഴ്ചയ്ക്കുള്ളിലും ബാക്കി തുക ഒരു മാസത്തിനുള്ളിലും അടയ്ക്കേണ്ടതുണ്ട്. അതിനാൽ തുക ചുരുങ്ങിയ സമയത്തിനുള്ളിൽ പിരിച്ചെടുക്കാൻ കഴിയുന്നു. നേരത്തേ അലോട്ട്മെന്റ് വ്യവസ്ഥയിൽ എല്ലാ പദ്ധതികളിലും ബോർഡിന്റെ ഹയർ പർച്ചേസ് വ്യവസ്ഥ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ തീരെ ഡിമാന്റ് കുറവുള്ള പദ്ധതികളിൽ മാത്രമേ ഹയർ പർച്ചേസ് വ്യവസ്ഥ അനുവദിക്കുന്നുള്ളൂ. മുൻകാലങ്ങളിൽ അലോട്ട്മെന്റ് വ്യവസ്ഥ പ്രകാരം ബോർഡ് നടപ്പിലാക്കിയ പദ്ധതികളിൽ വിറ്റ് പോകാതെ കിടന്ന യൂണിറ്റുകൾ ഇപ്രകാരം പൊതു ക്വട്ടേഷൻ/ലേലത്തിലൂടെ വളരെ സുതാര്യമായി പരാതിക്കിടയില്ലാതെ വിറ്റഴിക്കാൻ കഴിയുന്നു. അന്തിമ വില കണക്കാക്കി അക്കൗണ്ടുകൾ സെറ്റിൽ ചെയ്യാത്തതുകൊണ്ട് ഭവനനിർമ്മാണ ബോർഡിന്റെ അലോട്ടികൾക്ക് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസ്സുകളും കരാറുകാരുടെ കോടതി വ്യവഹാരങ്ങളും തീർപ്പായിട്ടില്ലാത്തതും, പദ്ധതിയിൽപ്പെട്ട പുറമ്പോക്ക് ഭൂമി സർക്കാർ വില നിശ്ചയിച്ച് അസൈൻ ചെയ്ത് നൽകിയിട്ടില്ലാത്തതുമാണ് അന്തിമ വില തീർപ്പാക്കുന്നതിൽ തടസ്സമായി നിൽക്കുന്നത്. ഇത് പരിഹരിക്കുന്നതിനായി കോടതിയിലുള്ള കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് അന്തിമ വില കണക്കാക്കുമ്പോൾ ഗുണഭോക്താക്കൾ അടയ്ക്കേണ്ടുന്ന അധിക തുക അടയ്ക്കാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉപാധികളോടെയുള്ള വിലയാധാരം

നൽകുക, അലോട്ട്മെന്റ് വിലയുടെയും കോടതി വ്യവഹാരങ്ങളിൽ ബോർഡ് നൽകേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്ന തുക ഉൾപ്പെടെയുള്ള തുക യുടെ 30 ശതമാനം ചേർത്തുള്ള തുക കൂടുതലായി അടയ്ക്കുന്നവർക്ക് പൂർണ്ണ വിലയാധാരം നൽകുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. അദാലത്തുകൾ വഴി നിരവധി സ്ഥലങ്ങളിൽ പ്രമാണങ്ങൾ തിരിച്ചു നൽകിയിട്ടുണ്ടെന്ന് സഭയെ മന്ത്രി അറിയിച്ചു. കോടതി കേസ്സുകളുള്ളിടത്ത് മാത്രമാണ് പ്രമാണങ്ങൾ തിരിച്ചുകൊടുക്കാനുള്ളത്. നഗരങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ഇന്നവേറ്റീവ് സ്കീം പ്രകാരം 36 വീടുകളുടെ പണി തൃക്കാക്കരയിലും 16 വീടുകളുടെ പണി ജഗതിയിലും ആരംഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം അവയുടെ പണി പൂർത്തിയാക്കി തൊഴിലാളികൾക്ക് താങ്ങാവുന്ന ന്യായമായ വാടകയ്ക്ക് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതിൽത്തന്നെ ഒരു നല്ല ശതമാനം സ്ത്രീകൾക്കായി മാറ്റിവയ്ക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്കു പുറമെ പുതിയ ഹോസ്റ്റലുകൾ കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹകരണത്തോടുകൂടി പൂർത്തിയാക്കുന്നതിനുള്ള പരിശ്രമം നടത്തി ക്കൊണ്ടിരിക്കുകയാണ്. മംഗള വനത്തിന്റെ പാരിസ്ഥിതിക സന്തുലിതാ വസ്ഥയെ പരിപാലിച്ചുകൊണ്ട് മറൈൻ ഡ്രൈവിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള 17.9 ഏക്കർ സ്ഥലത്ത് പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷ നോടുകൂടി ഒരു പുതിയ പദ്ധതിക്ക് ആലോചിക്കുന്നുണ്ട്. ബോർഡിന്റെ സഞ്ചിത നഷ്ടം 521.58 കോടി രൂപയിൽ നിന്ന് 480.65 കോടി രൂപയാക്കി കുറച്ചിട്ടുണ്ട്. 183 കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്തു

കൊണ്ട് ഹൗസിംഗ് ബോർഡിൽ നിന്നും വായ്പയെടുത്ത 45,000-ഓളം ദുർബല ജനവിഭാഗങ്ങളുടെ കടങ്ങൾ എഴുതിത്തള്ളുകയും ഡിസംബർ 31-ന് അവസാനിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി നീട്ടിക്കൊടുക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ്. തിരിച്ചട യ്ക്കുന്ന തുകയുടെ കൃത്യമായ രേഖകൾ നൽകുന്നതിന് സംവിധാനമുണ്ടാക്കും. ഗവൺമെന്റിന്റേയും ബോർഡിന്റേയും സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കടക്കെണിയിൽ നിൽക്കുന്നവർക്ക് സഹായകമാകുന്ന തരത്തിൽ കടം എഴുതിത്തള്ളൽ പദ്ധതി പുനരാവിഷ്കരിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും മൈത്രി ഭവന പദ്ധതി പ്രകാരം ലോണെടുത്ത ദുർബല വിഭാഗങ്ങളുടെ കടം എഴുതിത്തള്ളുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരികയാണെന്നും ഇ.എം.എസ്. പാർപ്പിട പദ്ധതി അടക്കമുള്ള പദ്ധതികളിൽ ബോർഡിന്റെ എൻജിനീയേഴ്സ് അടക്കമുള്ളവരുടെ സഹായം ലഭ്യമാക്കുമെന്നും ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനിയിൽ താമസിക്കുന്ന കോടതി ക്കേസ്സുകളില്ലാത്തവർക്ക് എത്രയുംവേഗം തീറാധാരം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2 (*2) <u>ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അനുസരിച്ച് വാങ്ങിയ ഗോതമ്പ്</u>

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അനുസരിച്ച് കേന്ദ്ര സർക്കാർ 2009 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേയ്ക്ക് അനുവദിച്ച 40660 മെട്രിക് ടൺ ഗോതമ്പിൽ

23,541 മെട്രിക് ടൺ ഗോതമ്പ് സപ്ലൈകോ മുഖാന്തിരം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നിശ്ചയിച്ച വാറ്റും 2 രൂപ കൈകാര്യചെലവും അടക്കം 15 രൂപ 09 പൈസ നിരക്കിൽ വിട്ടെടുത്തുവെന്ന് സഭയെ അറിയിച്ചു. ഓണത്തിന് സ്പെഷ്യൽ ക്വാട്ടയായി 10.80 രൂപ നിരക്കിൽ അനുവദിച്ച എ.പി.എൽ ഗോതമ്പും 13.88 രൂപയ്ക്ക് അനുവദിച്ച അരിയും റേഷൻ കടകളിലൂടെയോ സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ മുഖാന്തിരമോ വിൽക്കാൻ സാധിച്ചിട്ടില്ല. ഭക്ഷ്യ ധാന്യങ്ങളുടെ വിതരണ സമ്പ്രദായങ്ങളും വ്യവസ്ഥകളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചുമതലയിലുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് ഈ ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കച്ചവടക്കാർക്ക്/മില്ലുകൾക്ക് നല്കിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളോ സഹകരണ സംഘങ്ങളോ സ്വയം സഹായ സംഘങ്ങളോവഴി വിതരണം ചെയ്യണമെന്ന കേന്ദ്ര സർക്കാരിന്റെ 12-10-09-ലെ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഗോതമ്പ് വിട്ടെടുക്കാൻ സപ്ലൈകോയെ ചുമതലപ്പെടുത്തിയത്. സപ്ലൈകോ പത്രങ്ങളിൽ അറിയിപ്പ് നൽകി അപേക്ഷകരെ ക്ഷണിച്ച് സുതാര്യമായ രീതിയിൽ വിതരണം ചെയ്തു. കേന്ദ്ര സർക്കാർ ഗോതമ്പിനെ സംബന്ധിച്ച് നിയന്ത്രണ ഉത്തരവുകൾ എടുത്തുകളഞ്ഞതിനാൽ കേരളത്തിൽ ഗോതമ്പിനെ സംബന്ധിച്ചിടത്തോളം Bulk Consumer - Retail Consumer എന്ന തരംതിരിവില്ല. കേന്ദ്ര സർക്കാർ നിശ്ചയിച്ച വിലയ്ക്കാണ് ഗോതമ്പ് വിതരണം ചെയ്തിട്ടുള്ളത്. ഈ വിഷയത്തിൽ എഫ്.സി.ഐ തർക്കം ഉന്നയിച്ച സന്ദർഭത്തിൽ അടിയന്തിരമായി എഫ്.സി.

ഐ.യിലേയും സപ്ലൈകോയിലേയും ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയും പണം അടച്ചെങ്കിലും റിലീസ് ചെയ്യാത്ത ഗോതമ്പ് ഉടൻ റിലീസ് ചെയ്യാമെന്നും അല്ലെങ്കിൽ അതിനുവേണ്ടി എഫ്.സി.ഐ.യിൽ അടച്ച 15.56 കോടി രൂപ തിരിച്ചു നൽകാമെന്നു സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എ.ജി.യുടെ പ്രാഥമിക നിഗമനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മ സംബന്ധിച്ച് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മുന്നൂകൊല്ലമായി എ.പി.എൽ/ബി.പി.എൽ. വിഭാഗത്തിനുള്ള അരി മുഴുവൻ ലിഫ്റ്റ് ചെയ്തിട്ടുണ്ട്. ആളുകൾക്കാവശ്യം ആട്ടയായതിനാൽ റേഷൻ കടകൾ വഴി ഗോതമ്പ് വിൽക്കാത്ത സാഹചര്യത്തിൽ ഗോതമ്പ് പൊടിച്ച് കേരളത്തിൽത്തന്നെ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യണമെന്ന നിബന്ധനയ്ക്ക് വിധേയമായാണ് മില്ലുകൾക്ക് അവ വിതരണം ചെയ്തിട്ടുള്ളത്. അത് മോണിറ്റർ ചെയ്യുന്നതിന് സംവിധാനമുണ്ട്. സർക്കാർ ഗോഡൗണുകളിലും റേഷൻകടകളിലും കെട്ടിക്കിടക്കുന്ന ഗോതമ്പിന്റെ കണക്കുകൾ ശേഖരിച്ചുവരികയാണ്. യൂണിവേഴ്സൽ റേഷൻ സമ്പ്രദായം പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കിയും പൊതുവിതരണ സമ്പ്രദായത്തിലൂടെ കിട്ടുന്ന ഭക്ഷ്യധാന്യങ്ങൾ ഡൈവേർട്ട് ചെയ്യാരിക്കുന്നതിനാവശ്യമായ റെയ്ഡുകൾ നടത്തിയും വിലക്കയറ്റം തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നും എല്ലാ ജില്ലാ-താലൂക്ക് തലങ്ങളിലും അതിനാവശ്യമായ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും സപ്ലൈകോവഴി കഴിഞ്ഞ വർഷം 105 കോടി രൂപയുടെ കമ്പോള ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

3 (*3) പുതിയ റേഷൻ കാർഡുകളുടെ വിതരണം

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം 31.01.2010-ന് പൂർത്തിയായിട്ടുണ്ടെന്നും പുതിയ റേഷൻ കാർഡുകളുടെ വിതരണം ഇതിനകം ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് 67,75,149 റേഷൻ കാർഡുകൾ പുതുക്കി ഫോട്ടോ പതിച്ച് ലാമിനേറ്റ് ചെയ്ത് നൽകുന്നത് വളരെ ശ്രമകരമായ ജോലിയായതിനാൽ അത്തരം ജോലികൾ സമയബന്ധിതമായി ചെയ്യുമ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന പിശകുകൾ തിരുത്തി നൽകുന്നതാണ്. കാർഡുടമകൾ പൂരിപ്പിച്ച് നൽകിയ സത്യപ്രസ്താവനാ ഫോറങ്ങളിലെ വിവരങ്ങളിൽ നിന്ന് വ്യത്യസ്തമായി തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി കാർഡുകൾ തിരികെ നൽകുമ്പോൾ കാർഡുടമകളിൽ നിന്ന് വീണ്ടും വില ഈടാക്കേണ്ടതില്ലന്ന് തീരുമാനിച്ചിട്ടുണ്ട്. വിദേശ മലയാളികളുടെ പേരുകൾ റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നുണ്ട്. റേഷൻ അനുവദിക്കാതെ 'എൻ.ആർ.കെ.' എന്ന് രേഖപ്പെടുത്തിയാണ് അപ്രകാരം ചെയ്യുന്നത്. നിലവിലുള്ള കാർഡുകൾ പുതുക്കി കൊടുത്തിട്ടുണ്ടെന്നും പുതിയ കാർഡുകൾക്ക് അപേക്ഷ സ്വീകരിച്ചിട്ടുണ്ടെന്നും ഈ അപേക്ഷകൾ ഓരോന്നായി പരിശോധിച്ച് അതിന്റെ നടപടിക്രമം അനുസരിച്ച് കാർഡുകൾ വിതരണം ചെയ്യുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 237 വരെയുള്ള ചോദ്യങ്ങളിൽ 147 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)